(സി) ഉണ്ട്.

(ഡി) 12-12-2013-ൽ സൈറ്റ് കരാറുകാരൻ ഏറ്റെടുത്ത് പണി തുടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുരോഗതി കുറവാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ കരാറുകാരന് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും പുരോഗതി ഉണ്ടാകാത്തതിനാൽ 8-10-2014-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കരാർകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് വിളിച്ച് കൂട്ടുകയും വിഭാവനം ചെയ്ത രീതിയിൽത്തന്നെ പണി തീർക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അത് അനുസരിച്ച് പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിച്ച് വരികയും ചെയ്യുവരുന്നു. പണി തീർക്കുവാൻ വേണ്ട തുടർനടപടികൾ വകുപ്പ തലത്തിൽ സ്വീകരിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിൽ മുനയത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

156 (2711) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിൽ കരുവന്നൂർ പുഴയുടെ കുറുകെ മുനയത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനുശേഷവും ടെൻഡർ ചെയ്ത പ്രവൃത്തി തുടങ്ങാനുള്ള കാലതാമസത്തിനു കാരണം വിശദമാക്കാമോ ;

(ബി) ബണ്ട് നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(സി) സാങ്കേതികാനുമതി നൽകി പ്രവൃത്തി തുടങ്ങുവാൻ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) മുനയം റെഗുലേറ്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 1066/2013/ജവിവ തീയതി 1-10-2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly